29/7/2020
WEDNESDAY

# MALAYALAM II

STD - X
class - 04

## Assignment

- അച്ഛനെക്കുറിച്ചുള്ള എന്തെല്ലാം ചിന്തകളാണ് കോരനെ സങ്കടപ്പെടുത്തിയത്? നോവൽ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Ans) കാലാകാലങ്ങളായി ചൂഷണത്തിന് വിധേയരായി കഴിഞ്ഞ കർഷകത്തൊഴിലാളികളുടെ പ്രതിഷേധത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും ചിത്രം കോരന്റെ ഈ ചിന്തകളിലുണ്ട്. തൊഴിലാളികളുടെ അധ്വാനത്തിന് ജന്മി മതിയായ കൂലിയോ ഭക്ഷണമോ ഒന്നും നൽകിയിരുന്നില്ല. അവർ അധ്വാനിച്ച് വിളയിക്കുന്ന നെല്ല് അവരുടെ വിശപ്പകറ്റാൻ ഉപകരിക്കുന്നില്ല. തങ്ങൾക്ക് അവകാശപ്പെട്ടതുകൂടി രാത്രിയിൽ കരിഞ്ചന്തയിൽ ജന്മി വിൽക്കുന്ന കാഴ്ച കോരനെ വേദനിപ്പിക്കുന്നു. രാത്രിയിലെ ഈ നെല്ലുകച്ചവടം പരസ്യപ്പെടുത്തിയാലോ എന്ന് കോരൻ ചിന്തിക്കുന്നത് അനീതിയോടുള്ള പ്രധിഷേധത്തിന്റെ സൂചനയാണ്. കൂലിയായി നെല്ല് കിട്ടിയില്ലെങ്കിൽ കോരന്റെയും അവനെപ്പോലെയുള്ള കർഷകത്തൊഴിലാളികളുടെയും ജീവിതം മുഴുപട്ടിണിയിലാകും. കൂലിയായി കിട്ടുന്ന കുറഞ്ഞ തുക നെല്ല് വാങ്ങാനും തികയില്ല. നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരിക്കാൻ കോരൻ ആലോചിക്കുന്നതും ചൂഷണം വെളിപ്പെടുന്നത് തിരിച്ചറിയുന്നതിന്റെ സൂചനയാണ്. അച്ഛനെക്കുറിച്ചുള്ള ഇത്തരത്തിലുള്ള ചിന്തകളാണ് കോരനെ സങ്കടപ്പെടുത്തിയത്.